# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വി.എം/ജി.പി.8/1906/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/12/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വി.എം/ജി.പി.8/1906/22 തീയ്യതി: 23/12/2022

## തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 17-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 18-10-2022 | 28-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2022 | 28-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. ശ്രീജിത്ത്.എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി.ആർ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാലിക്.എ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 07-04-2021 | 18-08-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-08-2021 | 05-09-2021 |
| ശ്രീ.സുപിൻ.വി. | സെക്രട്ടറി | 06-09-2021 | 06-11-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-11-2021 | 30-11-2021 |
| ശ്രീ.സുപിൻ.വി. | സെക്രട്ടറി | 01-12-2021 | 21-12-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2021 | 10-01-2022 |
| ശ്രീ. ബൽജിത്ത് ജീവൻ.കെ.എസ്. | സെക്രട്ടറി | 11-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സോണിയ.വി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. രാജു.ജി. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. സുനിൽകുമാർ.എസ്. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു.പി.എസ്. | മെഡിക്കൽ ഓഫീസർ -ആയുർവേദം. | 01-04-2021 | 31-03-2022 |
| ശ്രീമതി സിനി വിൽസൺ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. രതീഷ് ഭദ്രൻ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2021 | 04-08-2021 |
| ശ്രീമതി കീർത്തി.പി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 05-08-2021 | 30-09-2021 |
| ശ്രീ. വിഷ്ണു വിജയൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-10-2021 | 31-03-2022 |
| ശ്രീമതി കീർത്തി.പി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി ജ്യോതി.ജെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 07-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി റിജി.ജി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-11-2021 | 31-03-2022 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ് | 01-04-2021 | 06-04-2021 |
| ശ്രീ.സുപിൻ.വി. | സെക്രട്ടറി | 07-04-2021 | 18-08-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി - ഇൻ-ചാർജ് | 19-08-2021 | 05-09-2021 |
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 06-09-2021 | 06-11-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ് | 07-11-2021 | 30-11-2021 |
| ശ്രീ. സുപിൻ.വി. | സെക്രട്ടറി | 01-12-2021 | 21-12-2021 |
| ശ്രീ. ഗോപകുമാർ.കെ. | സെക്രട്ടറി-ഇൻ-ചാർജ് | 22-12-2021 | 10-01-2022 |
| ശ്രീ. ബൽജിത്ത് ജീവൻ.കെ.എസ്. | സെക്രട്ടറി | 11-01-2022 | 31-03-2022 |
| ശ്രീ. കൃഷ്ണകുമാർ.ടി.. | എച്ച്.എം.- ഗവ. എൽ.പി.എസ്.വെൺകുളം | 01-04-2021 | 31-03-2022 |
| ശ്രീ. അനി.ടി.പി. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2021 | 07-10-2021 |
| ശ്രീമതി നിത്യ കുറുപ്പ് | അസിസ്റ്റൻ്റ് എഞ്ചിനീയർ | 08-10-2021 | 17-11-2021 |
| ശ്രീമതി വിജി.വി. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 18-11-2021 | 21-12-2021 |
| ശ്രീമതി ശ്രുതി സിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-12-2021 | 12-01-2022 |
| ശ്രീമതി വിജി.വി. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 13-01-2022 | 08-02-2022 |
| ശ്രീമതി നിത്യ കുറുപ്പ് | അസിസ്റ്റൻ്റ് എഞ്ചിനീയർ | 09-02-2022 | 31-03-2022 |
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ഗോപകുമാർ.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.സക്കറിയ സെബാസ്റ്റ്യൻ | വെറ്ററിനറി സർജൻ | 01-04-2021 | 30-07-2021 |
| ഡോ.ബിനി രാജ് | വെറ്ററിനറി സർജൻ | 31-07-2021 | 25-11-2021 |
| ഡോ.സ്മിത വിൽസൺ | വെറ്ററിനറി സർജൻ | 26-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് - വിവിധ അപാകങ്ങൾ | 1-1-1 |
| 3 | വാ**ർ**ഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി. | 1-5-1 |
| 9 | സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി | 1-5-2 |
| 10 | ക്യാഷ് പരിശോധന | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 13 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-9 |
| 14 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-10 |
| 15 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത | 1-11 |
| 16 | വസ്തു നികുതി - അപാകങ്ങൾ | 1-12 |
| 17 | നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-12-1 |
| 18 | ലൈസൻസ് നൽകിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിലെ ഉപയോഗക്രമവുമായി പൊരുത്തപ്പെടുന്നില്ല | 1-12-2 |
| 19 | വിമുക്ത ഭടൻമാരെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിൽ അപാകതകൾ | 1-12-3 |
| 20 | അനധികൃത നിർമ്മാണം - തുടർനടപടി അനിവാര്യം | 1-12-4 |
| 21 | കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. | 1-12-5 |
| 22 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല | 1-12-6 |
| 23 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കി നൽകിയിട്ടില്ല | 1-13 |
| 24 | തൊഴിൽ നികുതി - അപാകങ്ങൾ | 1-14 |
| 25 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 26 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-16 |
| 27 | ലൈബ്രറി പ്രവർത്തനം - അപാകങ്ങൾ | 1-17 |

| | | |
|---|---|---|
| 28 | ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കിയില്ല. | 1-18 |
| 29 | തരിശ് ഭൂമിയിൽ കൃഷി- മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ആനുകൂല്യം നൽകുന്നു. | 1-19 |
| 30 | തുക അടവാക്കിയിട്ടും പ്രിന്റർ ലഭ്യമായില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 31 | ന്യൂലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ | 1-21 |
| 32 | ഭവന പുനരുദ്ധാരണം - കെട്ടിടങ്ങളുടെ കാലപ്പഴക്കം നിർണയിക്കുന്നതിൽ അപാകത | 1-22 |
| 33 | തുല്യത വിദ്യാഭ്യാസ പദ്ധതി - രേഖകളുടെ അഭാവത്തിൽ 45,550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | മരുന്നുകൾ പൂർണമായി ലഭിച്ചില്ല | 1-24 |
| 35 | ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. | 1-25 |
| ഭാഗം 2 | | |
| 1 | ഇല്ല | |
| ഭാഗം 3 | | |
| 1 | ഇല്ല | |
| ഭാഗം 4 | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 2/1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 30.12.2021 തീയതിയിലെ 8/4-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 275367774.25 രൂപ വരവും 247504131/-രൂപ ചെലവും 27863643.25 രൂപ നീക്കിയിരിപ്പുമാണ്.

## 1-1-1 ബജറ്റ് - വിവിധ അപാകങ്ങൾ

I)പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ 2021-22 പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)2021-22 വർഷത്തെ ബജറ്റിൽ(പുതുക്കിയ) വകയിരുത്താതെ വിവിധ ചെലവ് നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബജറ്റ് ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | ബജറ്റ് വകയിരുത്തൽ | എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2512007 | Other Programs In Health Sector | 0 | 10320 |
| 2 | 2512008 | Drinking Water | 0 | 122850 |
| 3 | 2512024 | Epidemic Control | 0 | 92071 |
| 4 | 2516008 | General Economic Service Other Plan Expenditure | 0 | 200000 |
| 5 | 2531004 | Supplementary Nutritional Programs Through Anganwadies | 0 | 758798 |

B)താഴെപ്പറയുന്ന ഹെഡിൽ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ബജറ്റ്ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|
| 2512002 | Public Health Programs | 1139236 | 3453205 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ19/21.10.2022) ലഭിച്ച മറുപടിയിൽ ഈ ബിൽ വൗച്ചറിൽ, ഹെഡുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലമാണ് വാർഷിക ധനകാര്യ പത്രികയിൽ ബന്ധപ്പെട്ട ഹെഡുകളിൽ അധിക ചെലവ് ഉൾപ്പെടുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 19.05.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/20.10.2022 ) ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷം വരെയുള്ള സ്റ്റോക്കുകളുടെ മൂല്യമാണ് വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാംഖ്യ സോഫ്റ്റ്‌വെയറിൽ Inventrory Management Technique ലഭ്യമല്ലാത്തതിനാലാണ് സ്റ്റോക്ക് വിവരം ഉൾപ്പെടുത്താത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്.

2)ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

3)വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) പ്രകാരമുള്ള വിവിധ അക്കൗണ്ടുകളുടെ (ആകെ 11 എണ്ണം)മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ 0 ആണ്. പ്രസ്തുത അക്കൗണ്ടുകൾ നിലവിൽ ഉപയോഗത്തിൽ ഇല്ലാത്തതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അക്കൗണ്ടുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അക്കൗണ്ടുകളുടെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4)B-8 Deposit Works എന്ന ഷെഡ്യൂളിൽ 1038/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ തുക 2012-13 വർഷം രസീത് ചെയ്ത തുകയാണെന്നും, പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുമെന്നും അറിയിച്ചിട്ടുണ്ട്.

5)2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യയിൽ നിലവിൽ പ്രസ്തുത ഷെഡ്യൂൾ ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

6)ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 71989/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ ടെൻഡർ ഫാറം, നിരതദ്രവ്യം ഉൾപ്പെടെ വെറ്ററിനറി സർജൻ ഒടുക്കിയ 12954/- രൂപയും തെറ്റായി രസീത് ചെയ്തതിനാൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

7)Income & Expenditure I-1 , Tax Revenue ,ഷെഡ്യൂളിൽ Property Tax On Non Residential Building -ന്റെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. Property Tax On Residential Building -ന്റെ വാർഷിക ധനകാര്യപത്രികയിലെ DCB തുകകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ സഞ്ചയ സോഫ്റ്റ് വെയർ ഡി.സി.ബി വിവരങ്ങളും വാർഷിക ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല. Property Tax On Non Residential Building -ന്റെ ഡിമാന്റ് രേഖപ്പെടുത്തിയപ്പോൾ ഹെഡ് മാറിയതിനാലാണ് ഡിമാന്റിലെ മേൽ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. Purification നടപ്പാക്കുമ്പോൾ സഞ്ചയയിലെ ഡി.സി.ബിയിൽ നിരന്തരമായി വ്യത്യാസം കാണപ്പെടുന്നു എന്നും അറിയിച്ചിട്ടുണ്ട്.

8)Dogs & Pigs ലൈസൻസ് രജിസ്റ്റർ പ്രകാരം 21 നായകൾക്കാണ് 2021-22 വർഷം ലൈസൻസ് നൽകിയിട്ടുള്ളത്. 32 പേർക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കി. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 38 നായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. രജിസ്റ്റർ കാലികമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

9)സംയുക്ത പ്രോജക്ടുകൾക്ക്, ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204&320700404 | ബ്ലോക്ക് പഞ്ചായത്ത് | 262884 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 15993 |

മേൽ തുകകൾ തിരികെ ഒടുക്ക് വരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

10)350410101 Advance Collection Of Revenue, Property Tax On Residential Building എന്ന ഹെഡിൽ 7648/- രൂപ 2020-21 വർഷത്തെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക 2021-22 വർഷത്തിൽ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുകയുടെ രസീത് വിവരവും, തുക ഏത് വർഷത്തിൽ ക്രമീകരിക്കാനുള്ളതാണെന്നുള്ള വിവരവും ലഭ്യമാക്കിയിട്ടില്ല. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

11)2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 350300110, 350300111 എന്നീ ഹെഡുകളിലെ ജി.എസ്.ടി തുകകൾ സമയബന്ധിതമായി ഒടുക്ക് വരുത്തിയിട്ടില്ല. 2020-21 വർഷം ഒടുക്ക് വരുത്തേണ്ട (7020+7020) ജി.എസ്.ടി തുകകൾ 2021-22 വർഷവും ഒടുക്ക് വരുത്തിയിട്ടില്ല. തുകകൾ നിലവിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

12)340100301 ഹെഡിൽ Retention തുക ഇനത്തിൽ 25790/- രൂപ 2021-22 വർഷം നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. വിവരം ഫയൽ പരിശോധിച്ച് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

13)താഴെപ്പറയുന്ന ഹെഡുകളിലെ 2020-21 വർഷത്തെ നീക്കിയിരിപ്പ് തുകകൾ 2021-22 വർഷം ചെലവഴിച്ചിട്ടില്ല. തുകയുടെ വിശദാംശവും ചെലവഴിക്കാത്തതിന്റെ കാരണവും ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | നീക്കിയിരിപ്പ് തുക | തുകയുടെ വിശദാംശം |
|---|---|---|---|
| 1 | 320100126 | 328710 | പൈക്ക ഗ്രാന്റ് ചെലവഴിച്ചതിൽ ബാക്കി തുക |
| 2 | 320200205 | 10000 | ഐ.സി.ഡി.എസ് വിഹിതം |
| 3 | 320200321 | 18843 | അംഗനവാടി നബാർഡ് ഗ്രാന്റ് |
| 4 | 320200322 | 2373443 | ശുചിത്വമിഷൻ ഫണ്ട്. |

മേൽ തുകകൾ പദ്ധതിയുടെ ഭാഗമായി ചെലവഴിക്കുന്നതിനും ബാക്കി തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരികെ ഒടുക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18438854 | 18438854 | 22469371 | -4030517 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5386816 | 5386816 | 6306000 | -919184 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 10056954 | 10056954 | 4687498 | 5369456 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5143718 | 5143718 | 784780 | 4358938 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6558900 | 6558900 | 566795 | 5992105 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5891756 | 5891756 | 3324729 | 2567027 |

A)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 18438854 | 18392222 | 46632 |
| | AFS | 18392222 | 18392222 | 0 |
| | Grant Statement | 18438854 | 22469371 | -4030517 |
| Development Fund (SCP) | ACR | 538616 | 538616 | 0 |
| | AFS | 5386816 | 5386816 | 0 |
| | Grant Statement | 5386816 | 6306000 | -919184 |

സുലേഖ ചെലവ് പത്രികയിൽ Source Deduction ഉൾപ്പെടെയുള്ള തുകകൾ ഉൾപ്പെടുന്നുണ്ടെന്നും എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. വ്യത്യാസം പൊരുത്തപ്പെടുത്തി അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B)ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 11827500 | 9222762 | 77.98 |
| | പട്ടിക ജാതി | 240000 | 240000 | 100 |
| സേവനം | പൊതുവിഭാഗം | 54852096 | 30692530 | 55.96 |
| | പട്ടിക ജാതി | 15073524 | 8013499 | 53.16 |
| പശ്ചാത്തലം | പൊതുവിഭാഗം | 14496194 | 1665551 | 11.49 |
| | പട്ടിക ജാതി | 55125 | 0 | 0 |

C)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204&320700404 | ബ്ലോക്ക് പഞ്ചായത്ത് | 262884 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 15993 |

D)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം

ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 5452950 | 3775712 | 69 |
| കുട്ടികൾ | 1486244 | 0 | 0 |
| വൃദ്ധർ | 275550 | 225525 | 82 |
| ഭിന്നശേഷിയുള്ളവർ | 0 | 0 | 0 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 0 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1139236 | 1139178 | 99 |

മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് എൻക്വയറി നം.12/20.10.2022 ന് ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖപ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ)പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 11 | 11 | 0 | 100 | 1993920 | 1913897 | 96 |
| Ii | വെറ്റിനറി സർജൻ | 10 | 9 | 1 | 90 | 3283500 | 3224140 | 98 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 5 | 5 | 0 | 100 | 3289736 | 3182916 | 97 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 100 | 208000 | 207850 | 99 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 0 | 100 | 400000 | 400000 | 100 |
| Vi | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 7 | 5 | 2 | 71 | 910440 | 389440 | 42 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 12 | 5 | 71 | 25565236 | 14080951 | 55 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 1 | 86 | 5028448 | 4234703 | 84 |
| Ix | സെക്രട്ടറി | 37 | 30 | 7 | 81 | 18214376 | 13369512 | 73 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| X | എച്ച്.എം. | 3 | 2 | 1 | 67 | 595000 | 165230 | 28 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 50 | 9 | 41 | 18 | 21445407 | 2749823 | 13 |
| Xii | ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 100 | 700000 | 700000 | 100 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 2 | 75 | 868620 | 469540 | 54 |
| ആകെ | | 159 | 99 | 60 | 62 | 82502683 | 45088002 | 55 |

1)ആകെ വകയിരുത്തിയതിന്റെ 55ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2)എ)അസിസ്റ്റന്റ് എഞ്ചിനീയർ, എച്ച്.എം., ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ തൻവർഷം ചെലവഴിച്ചത്, വകയിരുത്തിയ ഫണ്ടിന്റെ 50 ശതമാനത്തിൽ താഴെയാണ്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 50 പ്രോജക്ടുകളിൽ 41 എണ്ണവും നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 13 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി)ഗ്രാമപഞ്ചായത്തിൽ ഏറെ പ്രാധാന്യമുള്ള മത്സ്യബന്ധന മേഖലയിൽ, 7 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയ ഫിഷറീസ് സബ് ഇൻസ്പെക്ടർ 2 പ്രോജക്ടുകൾ നടപ്പാക്കിയില്ല. ആകെ വകയിരുത്തിയ ഫണ്ടിന്റെ 42 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

ഫർണിച്ചർ യഥാസമയം ലഭ്യമാകാതിരുന്നതും ലാപ് ടോപ്പിനായി ജെം മുഖേനന നടത്തിയ ബിഡിൽ ആരും പങ്കെടുക്കാതിരുന്നതും മത്സ്യ വിത്ത് ലഭിക്കതിരുന്നതും മത്സ്യ ബന്ധന മേഖലയിലെ പ്രോജക്ടുകൾ തൻവർഷം നടപ്പാക്കാതിരുന്നതിന് കാരണമായി വിശദീകരിച്ചിട്ടുണ്ട്. എച്ച്.എം. നിർവ്വഹണം നടത്താനായി അംഗീകാരം വാങ്ങിയ എൽപി സ്കൂളുകൾക്ക് ശിശു സൌഹൃദ ഫർണിച്ചർ എന്ന പ്രോജക്റ്റിനായുള്ള ബഞ്ചും ഡസ്കും സമയബന്ധിതമായി ലഭ്യമാക്കാഞ്ഞതിനാൽ പ്രോജക്റ്റ് നടപ്പാക്കാനായില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 01/18.10.2022ന്റെ മറുപടി).

മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ അനാസ്ഥ

അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 50 പ്രോജക്ടുകളിൽ 41 എണ്ണവും നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 13 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പേര് |
|---|---|---|
| I | SO127/22 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ |
| Ii | SO129/22 | റെയിൽവേ സ്റ്റേഷൻ ചിറയിൽ ക്ഷേത്രം മാന്തറ റോഡ് മെയിന്റനൻസ് |
| Iii | SO131/22 | ലക്ഷ്മികുന്നവിള റോഡ് (രണ്ടാംഭാഗം) നിർമ്മാണം |
| Iv | SO132/22 | സ്റ്റേഡിയം വയൽതൊടി തോട് സ്ലാബിട്ട നടപ്പാത നിർമ്മാണം |
| V | SO133/22 | മൊട്ടക്കുന്ന് കല്ലൻവിള റോഡ് മെയിന്റനൻസ് |
| Vi | SO134/22 | ചൂളയിൽ ആലുനിന്നവിള റോഡ് മെയിന്റനൻസ് |
| Vii | SO135/22 | മിസ്കിൻതെരുവ് കോട്ടയിൽപാണി റോഡ് മെയിന്റനൻസ് |
| Viii | SO136/22 | പ്രെസ്സ് മുക്ക് പാലവിളാകം പൊറുത്തവിളാകം റോഡ് മെയിന്റനൻസ് |
| Ix | SO139/22 | എസ്.എൻ.ഡി.പി. റോഡ് നിർമ്മാണം |
| X | SO141/22 | ഇടവ പി.എച്ച്.സിയ്ക്ക് കവാടം നിർമ്മാണവും തറയോട് പാകലും |

ആയുർവേദാശുപത്രി, എസ്.സി കമ്മ്യൂണിറ്റി ഹാൾ, മത്സ്യഭവൻ ഓഫീസ്, കാപ്പിൽ കുടുംബക്ഷേമ ഉപകേന്ദ്രം, കാപ്പിൽ ഗവ. എൽപിഎസ്, ഇടവ എഫ്.എച്ച്.സി, ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഹാൾ, ചുറ്റമതിൽ എന്നിവയുടെ നവീകരണ പ്രവൃത്തികൾ

നടപ്പാക്കാത്തവയിൽ ഉൾപ്പെടുന്നു.

പ്രസ്തുത സാമ്പത്തിക വർഷം വ്യത്യസ്ത എഞ്ചിനീയർമാരുടെ പോസ്റ്റിംഗും അധിക ചാർജും കാരണം പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/18.10.2022ന്റെ മറുപടി).

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കാലയളവ് |
|---|---|---|
| I | ശ്രീ. അനി.ടി.പി. | 01-04-2021 മുതൽ 07-10-2021 വരെ |
| Ii | ശ്രീമതി നിത്യ കുറുപ്പ് | 08-10-2021 മുതൽ 17-11-2021 വരെ |
| Iii | ശ്രീമതി വിജി.വി. | 18-11-2021 മുതൽ 21-12-2021 വരെ |
| Iv | ശ്രീമതി ശ്രുതി സിംഗ് | 22-12-2021 മുതൽ 12-01-2022 വരെ |
| V | ശ്രീമതി വിജി.വി. | 13-01-2022 മുതൽ 08-02-2022 വരെ |
| Vi | ശ്രീമതി നിത്യ കുറുപ്പ് | 09-02-2022 മുതൽ 31-03-2022 വരെ |

എഞ്ചിനീയറിംഗ് വിഭാഗം എന്നത് ഒരു സ്ഥിരം സംവിധാനമായിരിക്കെ, അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്ഥലമാറ്റം പ്രോജക്ട് നിർവ്വഹണത്തെ ബാധിക്കുന്നതല്ല. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൌകര്യ വികസനത്തിനാവശ്യമായ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഭരണ സമിതിയുടെ ഇടപെടലുകളുണ്ടാകേണ്ടതാണ്.

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിരുന്നു(ഭരണ സമിതി തീരുമാനം നമ്പർ 3(1)/15.01.2021). ആസൂത്രണ സമിതിയുടെ 30.01.2021ൽ നടന്ന യോഗത്തിൽ 9 പേർ പങ്കെടുത്തു. പൊതു ശ്മശാനം സ്ഥാപിക്കുന്നതിനും ജൈവമാലിന്യ സംസ്കരണത്തിനുമുള്ള നിർദ്ദേശങ്ങളുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന വികസനഫണ്ട് മാത്രം ഉപയോഗപ്പെടുത്തി പൊതുശ്മശാനം നടപ്പിലാക്കാൻ കഴിയാത്തതും വളരെ ജനസാന്ദ്രതയുള്ള വിസ്തൃതി കുറഞ്ഞ പഞ്ചായത്തിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രയാസവും മൂലം പൊതു ശ്മശാനം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്( ഓഡിറ്റ് എൻക്വയറി നമ്പർ 11/ 20.10.2022). ജൈവമാലിന്യ സംസ്കരണത്തിനായി വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി സമ്പൂർണ ഗാർഹിക ജൈവ മാലിന്യ സംസ്കരണ പദ്ധതി (നമ്പർ108/22) എന്ന പ്രോജക്ടിന് അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്. മൃഗ സംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് 2021-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നതായി കാണുന്നില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | കൃഷി | 30.01.2021 | മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക. |
| Ii | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 29.01.2021 | സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം |
| Iii | സാമൂഹ്യക്ഷേമം | 29.01.2021 | ബഡ്സ് സ്കൂൾ നിർമ്മിക്കുക, പകൽവീട് പ്രവർത്തനം മെച്ചപ്പെടുത്തുക |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ പൂർണമായും നടപ്പാക്കാനായിട്ടില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | റെക്കോർഡുകൾ സൂക്ഷിക്കുന്നതിലെ കൃത്യതയില്ലായ്മ. |
| | | ഗുരുതരം | സേവനങ്ങൾ നൽകുന്നതിൽ കാലതാമസം വരുന്നു. |
| Ii | കൃഷി | അതീവ ഗുരുതരം | നെൽകൃഷി കുറഞ്ഞുവരുന്നു. |
| | | അതീവ ഗുരുതരം | ജല ദൌർലഭ്യം |
| Iii | മൃഗ സംരക്ഷണവും ക്ഷീര വികസനവും | അതീവ ഗുരുതരം | ഉല്പാദന ചെലവ് കൂടുതൽ |
| | | അതീവ ഗുരുതരം | മേഖല വിട്ടുപോകുന്ന കർഷകർ |
| | | അതീവ ഗുരുതരം | രോഗങ്ങൾ മൂലം നാശനഷ്ടം |
| Iv | പട്ടികജാതി വികസനം | അതീവ ഗുരുതരം | 12നും 18 നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾ (ആൺകുട്ടികൾ) മദ്യത്തിനും മറ്റ് ലഹരി ഉപയോഗങ്ങൾക്കും അടിമപ്പെടുന്നു. |

| | | |
|---|---|---|
| | അതീവ ഗുരുതരം | കുടിവെള്ള സൌകര്യം |

പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും ലഭ്യമാകുന്ന ഫണ്ടുകൾ പാഴാകാതെ പൂർണമായി ഉപയോഗിക്കുന്ന വിധത്തിലും ആകുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 394800 | 27 |
| വിധവാപെൻഷൻ | 23745200 | 1601 |
| വാർദ്ധക്യകാല പെൻഷൻ | 43649600 | 3214 |
| വികലാംഗ പെൻഷൻ | 6280300 | 396 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 206800 | 7 |
| തൊഴിൽ രഹിത വേതനം | 105840 | 128 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 102260201726 | സഫിയാബീവി | 05/10/2020 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 15500 |
| 2 | 102260201914 | കവിരാജൻ | 11/02/2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 3600 |
| 3 | 102260203132 | ജമാൽ മുഹമ്മദ് | 30/01/2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 11000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 102260203318 | താജുദ്ദീൻ | 19/04/2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 6400 |
| 5 | 102260202317 | അബ്ദുൾ സത്താർ | 06/07/2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 1600 |
| 6 | 102260203283 | ആസാദ് | 09/07/2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 1600 |
| 7 | 102260201666 | നാസിമുദ്ദീൻ | 23/06/2021 | വാർദ്ധക്യകാല പെൻഷൻ | 08/2022 വരെ | 22400 |
| 8 | 102260203265 | ഉണ്ണികൃഷ്ണൻ നായർ വി | 25/05/2022 | വാർദ്ധക്യകാല പെൻഷൻ | 06/2022 | 1600 |
| 9 | 108120202805 | അഹമ്മദ് കബീർ എം | 05/12/2021 | വാർദ്ധക്യകാല പെൻഷൻ | 04/2022 | 6400 |
| 10 | 102260201901 | രാഘവൻപിള്ള.എസ് | 25/03/2022 | വാർദ്ധക്യകാല പെൻഷൻ | 09/2022 | 3600 |

ക്രമ നമ്പർ 7, 9, 10 പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്റ്റീവ് ആണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/26.10.2022) ലഭിച്ച മറുപടിയിൽ അധിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലർ നം.63/2021/ധന തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-5-2 സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ 13.03.2021 -ലെ എ.ഡി.പി.ടി.എം/711/2020-PA2 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിശാദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | തുക |
|---|---|---|---|
| 1 | 102260201525 | രത്നമ്മ | 52300 |
| 2 | 102260202114 | സുഭഗ | 36500 |
| 3 | 102260202584 | ശാന്ത കുമാരി അമ്മ | 23400 |
| 4 | 102260400375 | അമീർ കെ.എൻ | 35600 |
| 5 | 102260500015 | സുമംഗല ദേവി.ആർ | 65100 |
| 6 | 102260600298 | സരോജിനി | 87500 |

ക്രമ നമ്പർ 1, 3, 6 ലെ വ്യക്തികൾ തുക തിരികെ അടച്ചതായും ക്രമ നമ്പർ 5ലെ പെൻഷനർ മരണപ്പെട്ടതായും അനധികൃതമായി കൈപ്പറ്റിയ തുക ട്രഷറി വഴി തവണകളായി അടച്ചതായി അറിയിച്ചിട്ടുണ്ടെന്നും രേഖകൾ ഹാജരാക്കാനായി ആവശ്യപ്പെട്ടതായും വിശദീകരിച്ചിട്ടുണ്ട്(എൻക്വയറി നം.35/26.10.2022 ന് ലഭിച്ച് മറുപടി). മറ്റുള്ള

ഗുണഭോക്താക്കളുടേതുൾപ്പെടെ, സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2022, 10.00 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3403/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ, കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നില്ല. 14.12.2020ന് ശേഷം(കോവിഡ് കാലയളവ്) 31.08.2021ലും അതിനുശേഷം 07.05.2022ലുമാണ് സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുള്ളത്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം, പൌരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ച്, പൊതുജനങ്ങൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

5) ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 03.02.2022ന് കഴിഞ്ഞുവെങ്കിലും നാളിതുവരെ പുതുക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നമ്പർ 33/26.10.2022).

6)പ്രോജക്ട് നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ആകെ വകയിരുത്തിയ ഫണ്ടിന്റെ 55ശതമാനം മാത്രമാണ് ചെലവഴിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 50 പ്രോജക്ടുകളിൽ 41 എണ്ണവും നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 13 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

7)സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിലും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലും അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

8)വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9)തനത് വരുമാനം കുറവായ പഞ്ചായത്തിലെ നികുതികൾ പൂർണമായും പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിനും ശ്രദ്ധ അനിവാര്യമാണ്.

10)ലൈബ്രറിയുടെ പ്രവർത്തനത്തിലെ അപാകങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും പരിഹരിച്ചിട്ടില്ല.

11)ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 529440 | 529440 | 528464 | 976 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23588978 | 23588978 | 23588978 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 0 | 24118418 | 24118418 | 24117442 | 976 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.05.2022 മുതൽ 24.05.2022 വരെ | 01.01.2021 മുതൽ 31.03.2022 വരെ | 06.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.012019 മുതൽ 17.01.2019 വരെ | 2013-14 മുതൽ 2017-18 വരെ | 08.02.2019 |

## 1-10 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും, ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇടവ ഗ്രാമ പഞ്ചായത്തിലെ 6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ രണ്ടെണ്ണത്തിന് രജിസ്ട്രേഷൻ നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/25.10.2022). അവശേഷിക്കുന്ന 4 സ്ഥാപനങ്ങളിൽ 2 എണ്ണം താൽകാലിക ഷെഡുകളിലാണ് പ്രവർത്തിക്കുന്നതെന്നും 2 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനും, ആയത് തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നായകളുടെ എണ്ണം സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. 32 വളർത്തു നായകൾക്ക് ലൈസൻസ് നൽകിയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും 21 നായകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 9/19.09.2022), വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ കാലികമാക്കുന്നതോടൊപ്പം വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്ത് നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2021-2022 വർഷത്തെ വസ്തു നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-12-1 നികുതി ഡിമാന്റ് ചെയ്യിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 11 മാത്രം പരിശോധിച്ചതിൽ

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 11/12A | പി.ലക്ഷ്മി | പാർപ്പിടാവശ്യം | 83 $M^2$ |
| 2 | 11/22B | ദേവകി അമ്മ | പാർപ്പിടാവശ്യം | 92 $M^2$ |
| 3 | 11/28B | ദേവരാജൻ ആശാരി | പാർപ്പിടാവശ്യം | 90 $M^2$ |
| 4 | 11/30 | സൌദാബീവി | പാർപ്പിടാവശ്യം | 114.25$m^2$ |
| 5 | 11/31A | ജാസ്മിൻ | പാർപ്പിടാവശ്യം | 90 $M^2$ |
| 6 | 11/32 | മുത്തു ആചാരി | പാർപ്പിടാവശ്യം | 105.4 $M^2$ |
| 7 | 11/35 | വി.സുധികമാർ | പാർപ്പിടാവശ്യം | 86.1 $M^2$ |
| 8 | 11/35B | കെ. കമലാക്ഷൻ | പാർപ്പിടാവശ്യം | 80 $M^2$ |
| 9 | 11/52A | മാണിക്ക | പാർപ്പിടാവശ്യം | 92 $M^2$ |
| 10 | 11/62A | ഷൈല | പാർപ്പിടാവശ്യം | 96.2 $M^2$ |
| 11 | 11/87A | രമ | പാർപ്പിടാവശ്യം | 89 $M^2$ |
| 12 | 11/94B | സാവിത്രി | പാർപ്പിടാവശ്യം | 85$m^2$ |
| 13 | 11/96 | ഷറഫുദ്ദീൻ | പാർപ്പിടാവശ്യം | 90.48 $M^2$ |
| 14 | 11/109 | അംബിക | പാർപ്പിടാവശ്യം | 168 $M^2$ |
| 15 | 11/110A | കല്യാണി | പാർപ്പിടാവശ്യം | 90 $M^2$ |
| 16 | 11/114 | ഗോമതി | പാർപ്പിടാവശ്യം | 64 $M^2$ |
| 17 | 11/127B | പാത്തുമ്മാ ബീവി | പാർപ്പിടാവശ്യം | 84 $M^2$ |
| 18 | 11/136A | നാസിറുദ്ദീൻ | പാർപ്പിടാവശ്യം | 96 $M^2$ |
| 19 | 11/139 | ഫസീലാ ബീവി | പാർപ്പിടാവശ്യം | 75.97$m^2$ |
| 20 | 11/148A | ഭവാനി | പാർപ്പിടാവശ്യം | 80 $M^2$ |
| 21 | 11/150A | സുധർമ്മ | പാർപ്പിടാവശ്യം | 120 $M^2$ |
| 22 | 11/159 | കെ.രാജമ്മ | പാർപ്പിടാവശ്യം | 77.22 $M^2$ |
| 23 | 11/174B | ഉഷ | പാർപ്പിടാവശ്യം | 75 $M^2$ |
| 24 | 11/177A | സരസ്വതി | പാർപ്പിടാവശ്യം | 112.32 $M^2$ |
| 25 | 11/215 | സരോജിനി | പാർപ്പിടാവശ്യം | 74 $M^2$ |
| 26 | 11/218 | ഫാസിൽ | പാർപ്പിടാവശ്യം | 72 $M^2$ |
| 27 | 11/228B | സുധാകരൻ | പാർപ്പിടാവശ്യം | 80 $M^2$ |
| 28 | 11/239 | ഭാഗീരഥി | പാർപ്പിടാവശ്യം | 68.06 $M^2$ |
| 29 | 11/246 | രാഗിണി | പാർപ്പിടാവശ്യം | 72 $M^2$ |

| | | | | |
|---|---|---|---|---|
| 30 | 11/286A | ശശി | പാർപ്പിടാവശ്യം | 80 $M^2$ |
| 31 | 11/326A | ബാഹിറാ ബീവി | പാർപ്പിടാവശ്യം | 80 $M^2$ |
| 32 | 11/328 | സുകുമാരൻ | പാർപ്പിടാവശ്യം | 108 $M^2$ |
| 33 | 11/329B | ബെൻസി | പാർപ്പിടാവശ്യം | 99$m^2$ |
| 34 | 11/329A | മനോഹരൻ | പാർപ്പിടാവശ്യം | 80 $M^2$ |
| 35 | 11/344A | ജിംസിയ ബീവി | പാർപ്പിടാവശ്യം | 93.5 $M^2$ |
| 36 | 11/349 B | പി.ഇസഹാക്ക് | പാർപ്പിടാവശ്യം | 99 $M^2$ |
| 37 | 11/349D | ശാന്ത | പാർപ്പിടാവശ്യം | 160 $M^2$ |
| 38 | 11/350E | ഐഷാ ബീവി | പാർപ്പിടാവശ്യം | 120 $M^2$ |
| 39 | 11/352A | അബ്ദുൾ റഹീം | പാർപ്പിടാവശ്യം | 70 $M^2$ |
| 40 | 11/374A | പ്രതാപൻ | പാർപ്പിടാവശ്യം | 65 $M^2$ |
| 41 | 11/379C | താജുന്നിസ | പാർപ്പിടാവശ്യം | 72 $M^2$ |
| 42 | 11/379D | ഇൽമിന്നിസ | പാർപ്പിടാവശ്യം | 89 $M^2$ |
| 43 | 11/394A | നൂർജഹാൻ | പാർപ്പിടാവശ്യം | 65 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 22/26.10.2022) ലഭിച്ച മറുപടിയിൽ സഞ്ചയയിൽ ഡാറ്റ എൻട്രി വരുത്തിയപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ ARV , പൂജ്യം ആയി രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരം നികുതി നിർണ്ണയത്തിൽ അപാകം വന്നിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12-2 ലൈസൻസ് നൽകിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിലെ ഉപയോഗക്രമവുമായി പൊരുത്തപ്പെടുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർപരിശോധിച്ചതിൽ സഞ്ചയയിലെ ഉപയോഗ ക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് അപേക്ഷകൻ | ലൈസൻസ് ആവശ്യകത | സഞ്ചയ ഉപയോഗ ക്രമം |
|---|---|---|---|---|---|
| 1 | 5/416 | മുഹമ്മദ് അഷറഫ് | രാധാകൃഷ്ണൻ | കാർപന്ററി വർക്ക്സ് | പാർപ്പിടം |
| 2 | 10/418 | കെ. രാമചന്ദ്രൻ നായർ | പ്രകാശ് പ്രഭാകരൻ | ദന്തൽ ക്ലിനിക് | പാർപ്പിടം |

| | | | | | |
|---|---|---|---|---|---|
| 3 | 16/160 | ഇക്ബാൽ ഫാത്തിമാ ബീവി | നീലകണ്ഠ ശർമ്മ | ഹോസ്പിറ്റൽ | പാർപ്പിടം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ (നമ്പർ 18/21.10.2022) മറുപടിയിൽ ക്രമ നം . 1 -ലെ ലൈസൻസ് അനുവദിച്ച കെട്ടിടത്തിന്റെ നമ്പർ 5/416 എന്നതിന് പകരം 6/416 ആണെന്നും ആയത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ തെറ്റ് സംഭവിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ക്രമ നം. 2- ലെ ദന്തൽ ക്ലിനിക് പ്രവർത്തിക്കുന്നത് 10/418 എ, ക്രമ നം. 3-ലെ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നത് 16/160എ എന്നീ വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളിലാണെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടതായി മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ലൈസൻസ് അനുവദിക്കുന്നതിൽ കൃത്യത പാലിക്കേണ്ടതുമാണ്. നികുതി ഇനത്തിൽ ഇപ്രകാരം കുറവ് സംഭവിക്കുന്നുണ്ടെങ്കിൽ ആയത് തിരുത്തി ഈടാക്കേണ്ടതാണ്.

## 1-12-3 വിമുക്ത ഭടൻമാരെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിൽ അപാകതകൾ

വിമുക്ത ഭടൻമാരെ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1) സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിച്ചു.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷം സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം |
|---|---|---|---|
| 1 | 1 | 18 | അശോക് കുമാർ(എ.എസ്സ്.ലാന്റ്,കാപ്പിൽ |
| 2 | 1 | 44 | ശശിധരൻ(തീരം,കാപ്പിൽ) |
| 3 | 1 | 180 | എൻ.ബാഹുലേയൻ(ദീപക്ഹൌസ്,കാപ്പിൽ) |
| 4 | 1 | 188 | ലതിക.ടി(പുത്തൻവീട്,കാപ്പിൽ പി ഒ) |
| 5 | 1 | 334 | ബി.രാധാമണിഅമ്മ(ഡി.ആർ.സദനം,കാപ്പിൽ) |
| 6 | 1 | 410 | ഉഷാ ദേവി(പിള്ളവീട്,കാപ്പിൽ) |
| 7 | 2 | 24 | ദിവാകരൻ(ടി.എസ്സ്.വില്ല,കാപ്പിൽ) |
| 8 | 2 | 83 | വി.ശിവൻപിള്ള(വി.ബി.എസ്സ്.സദനം) |
| 9 | 2 | 133 | സുജാത.ആർ(മലപ്പുറം,കാപ്പിൽ) |
| 10 | 2 | 265 | രാജേന്ദ്രൻനായർ(തെങ്ങുവിളകിഴക്കതിൽ) |
| 11 | 2 | 270 | മീനാക്ഷി(തെങ്ങുവിള,പാറയിൽ) |
| 12 | 2 | 346 | രാമകൃഷ്ണൻ. എസ്സ്(ചാമക്കുഴിവിള,പാറയിൽ) |
| 13 | 2 | 374 A | ഡി.ഗീത(വിജയ് ഭവൻ,ഇടവ) |
| 14 | 3 | 40 | രാമചന്ദ്രൻ പിള്ള(കാക്കോൽ വിള,പാറയിൽ,ഇടവ പി ഒ,695311) |
| 15 | 3 | 89 | സുന്ദരൻ നായർ(രേവതി,മാവുനിന്നവിള) |
| 16 | 3 | 90 | ശാന്തകുമാരി(മാവുനിന്നവിള,പാറയിൽ) |
| 17 | 3 | 130 | സുധർമ്മിണി(വി. എസ്സ്. ലാൻറ്,നെടിയശാല. കണ്ണമ്മൂട്. പാറയിൽ,കാപ്പിൽ പി ഒ, 695311) |

| | | | |
|---|---|---|---|
| 18 | 4 | 35 | എ.ആർ.ദേവരാജൻനായർ(ആനന്ദവിലാസം, ഇടവ) |
| 19 | 4 | 74 C | രാജേന്ദ്രൻ നായർ(വി.ആർ.എൽ.ഭവൻ,പാറയിൽ) |
| 20 | 4 | 105 | ശ്രീദേവിഅമ്മ(മുള്ളുവിള,പാറയിൽ,ഇടവ പി ഒ) |
| 21 | 4 | 153 | മനോജ്. ജി(ലക്ഷ്മി നിവാസ്,കുഴിവിള, പാറയിൽ) |
| 22 | 4 | 214 | സരസ്വതിഅമ്മ(കല്ലുവിള,പാറയിൽ) |
| 23 | 4 | 253 | രഘുനാഥപിള്ള(ജി.ആർ.സദനം,പാണ്ടിവിള) |
| 24 | 5 | 130 | സതിസോമൻ(ഷീജനിവാസ്,ഇടവ ) |
| 25 | 5 | 176 | ജ്യോതിഗോപാലകൃഷ്ണൻ നായർ(അക്ഷദ,വെൺകുളം) |
| 26 | 5 | 507 | എം.കരുണാനിധി(തുലയിൽവീട് പൂരാടം,വെൺകുളം) |
| 27 | 6 | 7 | ജയലാൽ(കിണറ്റിൻകരവിളവീട്,തോട്ടുമുഖം) |
| 28 | 6 | 21 | ശശിധരൻനായർ(മാളവികസദനം,തോട്ടുമുഖം) |
| 29 | 6 | 121 B | സജീഷ്(വനമാലി,വെൺകുളം,ഇടവ ) |
| 30 | 6 | 125 | പ്രസന്നകുമാരി(രാജപ്രസ്ഥം,ഇടത്തറവിള) |
| 31 | 6 | 245 | എൻ.ശശിധരൻ(വയലിൽ വീട്,വെൺകുളം) |
| 32 | 6 | 269 | എ.കൃഷ്ണൻനായർ(എ.കെസദനം,കാട്ടുവിള,വെന്ൺകുളം, |
| 33 | 6 | 448 | കരുണാകരൻ പിള്ള(കരുണാകരവിലാസം,വെൺകുളം) |
| 34 | 7 | 67 | ഇന്ദിരഅമ്മ(ഇന്ദിരമന്ദിരം,കരിപ്പുറം വെൺകുളം) |
| 35 | 7 | 132 | രാധദേവി അമ്മ(അനിത മന്ദിരം, പാറയിൽ) |
| 36 | 7 | 211 | ലീല & പൊടിയൻ(വല്ലഭംനിന്നവിള,വെൻകുളം) |
| 37 | 7 | 388 | ആർ.ജയചന്ദ്രൻ(സായുജ്യം കാട്ടുവിള,വെൺകുളം) |
| 38 | 7 | 460 | രത്നകുമാർ, ശ്രീകല<br>(കെ.ജി. എസ് നിവാസ്,വെൺകുളം,ഇടവ ) |
| 39 | 7 | 499 | ശാന്തകുമാരിഅമ്മ(വാറുവിള,തോട്ടുമുഖം,ഇടവ) |
| 40 | 8 | 144 | കെ.രവീന്ദ്രൻ നായർ(ആലിക്കാലിൽ വീട്,വെൺകുളം) |
| 41 | 8 | 302 | രാഘവൻ(ചരുവിളവീട്,കുരുവിള,വെൻകുളം) |
| 42 | 8 | 347 | ജയചന്ദ്രൻ,<br>സുനിത(സാഫല്യം,കുരുവിള,വെൺകുളം,ഇടവ പി ഒ) |
| 43 | 8 | 411 | എസ്സ്.രാജന്ദ്രൻ നായർ(ശങ്കരനിവാസ്,വെൺകുളം) |
| 44 | 9 | 233 B | ലാല്യ എ(നിർമ്മാല്യം,വെൺകുളം,ഇടവ ) |
| 45 | 10 | 281 | എസ്സ്.ബേബി(രഘുപതി വിലാസം,ഇടവ) |
| 46 | 13 | 298 B | രാധാമണി അമ്മ(മഠത്തിവിള,മാന്തറ) |
| 47 | 14 | 87 | ഗീതാ കുമാരി(നമ്പച്ചൻവീട്ട് വിളവീട്,മാന്തറ) |
| 48 | 14 | 89 | ജയശ്രീ നായർ(ജയാ ഭവൻ,മാന്തറ,ഇടവ) |
| 49 | 14 | 287 | ജി.തുളസീധരൻ നായർ(സുനിതാ ഭവൻ,ഇടവ) |
| 50 | 14 | 309 | അജിതഎന്ന അജിതകുമാരി(വടക്കേവിള,മാന്തറ) |
| 51 | 17 | 12 | പ്രദീപ്.ഐ.ജെ(വടക്കേവീട്,കാപ്പിൽ,ഇടവ ) |
| 52 | 17 | 365 | സുനിൽ / ഷാർജ(കൊച്ചാന്തി വീട്,ഇടവ) |

2) അർഹത പരിശോധിക്കാതെ നികുതി ഒഴിവാക്കി നൽകി

കെട്ടിട നികുതി ഒഴിവാക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങൾ പരിശോധിച്ചതിൽ വിമുക്ത ഭടനായ ശ്രീ. വിജയൻ പിള്ള.എസ്, രജിത വിഹാർ (കെട്ടിട നം. 2/327) -നെ ടിയാന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ഉടമ ശ്രീമതി രജിത കുമാരി ആണ്. ശ്രീമതി രജിത കുമാരി അപേക്ഷകന്റെ ഭാര്യയാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ കെട്ടിട നികുതി ഒഴിവാക്കിയത് ക്രമപ്രകാരമാണോയെന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 22/22.10.22) കെട്ടിട

നികുതിയിളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് മാസം 31 ന് മുൻപായി അപേക്ഷ സമർപ്പിക്കുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതിനു ശേഷം സഞ്ചയയിൽ രേഖപ്പെടുത്തൽ വരുത്തുന്നുണ്ടെന്നും, സഞ്ചയയിൽ ഇളവ് അവസാനിക്കുന്ന തീയതി എന്ന സ്ഥലത്ത് "Continue" എന്ന് രേഖപ്പെടുത്തിയതിനാൽ നികുതിയിളവ് തുടർന്ന് വരുന്നതുമാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് രജിസ്റ്റർ പരിശോധിച്ച് ആയത് ക്രമപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീമതി രജിതകുമാരി, രജിത വിഹാർ (കെട്ടിട നം. 2/327) -ന് ശ്രീ. വിജയൻ പിള്ള .എസ് - ന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2019 മുതൽ കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നുണ്ടെന്നും 2019 ലെ ഫയൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രം നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12-4 അനധികൃത നിർമ്മാണം - തുടർനടപടി അനിവാര്യം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 235(ഡബ്ല്യൂ) പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തെ പൊളിച്ച് കളയുന്നതിനോ നിർമ്മാണത്തിൽ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി അനധികൃതമായി നിർമ്മിച്ചതിൽ U/A നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|---|
| 1 | റിസോർട്ടുകൾ | 72 |
| 2 | സ്വകാര്യ ഹോസ്റ്റൽ / ഹോംസ്റ്റേ | 2 |
| 3 | നികുതി/ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | 2 |
| 4 | വ്യവസായത്തിനാവശ്യമുള്ളവ / കൈത്തറി ഷെഡ്, കയർ പിരിഷെഡ് | 1 |
| 5 | ഓഫീസ് ആവശ്യത്തിനുള്ളവ | 3 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ളവ) | 2 |
| 7 | വാണിജ്യാവശ്യത്തിനുള്ളവ ( 100 ച.മീ താഴെ തറ വിസ്തീർണ്ണമുള്ളവ) | 8 |
| 8 | പാർപ്പിടാവശ്യം | 22 |

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235(ഡബ്ല്യൂ), 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 90, 91 എന്നിവ പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 23/22.10.2022) ലഭ്യമാക്കിയ മറുപടിയിൽ അനധികൃത നിർമ്മാണങ്ങളിൽ ഭൂരിഭാഗവും 1991 ലെ തീരദേശ വിജ്ഞാപനം ലംഘിച്ച് നിർമ്മിച്ചിട്ടുള്ളവയാണെന്നും, ഇവയിൽ ചില കെട്ടിടങ്ങൾ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അന്തിമ വിധിക്ക് അനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തീരദേശ വിജ്ഞാപനം ലംഘിച്ച് നിർമ്മിച്ചിട്ടുള്ള എല്ലാ നിർമ്മാണങ്ങളും അനധികൃത നിർമ്മാണമാണോ അല്ലയോ എന്ന് നിശ്ചയിക്കേണ്ടത് CRZ അതോറിറ്റിയാണ്. നിലവിൽ ഇടവ ഗ്രാമ പഞ്ചായത്ത് CRZ കാറ്റഗറി III -ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്ത് കാറ്റഗറി III -ൽ നിന്നും കാറ്റഗറി II- ലേയ്ക്ക് മാറുന്നതിനുള്ള കരട് വിജ്ഞാപനം ഇറങ്ങിയിട്ടുണ്ട്. CRZ കാറ്റഗറി III -ൽ നിന്നും കാറ്റഗറി II- ലേയ്ക്ക് മാറുമ്പോൾ കുറേ കെട്ടിടങ്ങൾ നിയമാനുസൃത കെട്ടിടങ്ങൾ ആയി മാറുന്നതിനാൽ കുറേ കെട്ടിടങ്ങളുടെ സ്റ്റാറ്റസ് മാറുമെന്നും ആയത് കൂടി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി ഊർജ്ജിതപ്പെടുത്തേണ്ടതും U/A നമ്പർ നൽകിയ കെട്ടിടങ്ങളിൻമേൽ ചട്ടങ്ങൾ പ്രകാരവും നിയമാനുസൃതവുമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12-5 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ ഫാറം 6 നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. സഞ്ചയയിലെ വിശദാംശം ചുവടെ

ചേർക്കുന്നു.

| BuildingID | Ward Year | Ward Number | Ward Name | Door Number | Owner Name | Assess Type | Base File Status |
|---|---|---|---|---|---|---|---|
| 50226010000541 | 1993 | 2 | Thottummugham | 111 | A.Ramachandran Nair | ARV | DE Ongoing |
| 50226010001406 | 1993 | 2 | Thottummugham | 348 | Vinod,Sindhu | ARV | DE Ongoing |
| 50226010001827 | 1993 | 2 | Thottummugham | 465 | Ramachandran Nair,Santhamma | ARV | DE Ongoing |
| 50226010003889 | 1993 | 2 | Thottummugham | 404A | G.Rajan | ARV | DE Ongoing |
| 50226010013899 | 1993 | 3 | Parayil 1 | 156 A | Radamani Amma | Plinth Area (2011) | DE Started |
| 50226010005222 | 1993 | 5 | Edava 2 | 507 | Jawad | ARV | DE Ongoing |
| 50226010006789 | 1993 | 5 | Edava 2 | 608 D | Shamshad Babu | ARV | DE Ongoing |
| 50226010011422 | 1993 | 6 | Parayil 2 | 540 | Sneha Letha,Sudha | ARV | DE Ongoing |
| 50226010008459 | 1993 | 10 | Odayam | 474 | Abdul Salam | ARV | DE Ongoing |
| 50226010008462 | 1993 | 10 | Odayam | 475 | Abdul Salam | ARV | DE Ongoing |
| 50226010008464 | 1993 | 10 | Odayam | 476 | Abdul Salam | ARV | DE Ongoing |
| 50226010008466 | 1993 | 10 | Odayam | 477 | Abdul Salam | ARV | DE Ongoing |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 36 /27.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി നടത്തി ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-6 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന മൊബൈൽ ടവറുകളിൽ 1/439/TT3 നമ്പർ ടവറിന്റെ വസ്തു നികുതി 2013-14 സാമ്പത്തിക വർഷം മുതൽ അടവാക്കിയിട്ടില്ല . 2021-22 സാമ്പത്തിക വർഷം വരെ ഈയിനത്തിൽ 1,40,337/- രൂപ അടവാക്കാൻ അവശേഷിക്കുന്നു.

പ്രസ്തുത മൊബൈൽ ടവർ, ബിഎസ്എൻഎൽ നടത്തുന്നതും വസ്തു സുമം, തുഷാരം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുമാണെന്നും വസ്തു നികുതി ഒടുക്കാനുള്ള ഡിമാന്റ് / ആർആർ നോട്ടീസുകൾക്ക് മറുപടിയായി

ഉടമസ്ഥാവകാശം മാറ്റണമെന്നും നികുതി ഈടാക്കേണ്ടത് ബിഎസ്എൻഎല്ലിൽ നിന്നുമാണെന്ന് അവകാശപ്പെട്ടതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17/21.10.2022). ഇതു സംബന്ധിച്ച കേസ് തദ്ദേശ സ്വയംഭരണ ട്രിബ്യൂണലിൽ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. കേസിന്റെ നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2021-22 വർഷം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/215 | റീജ | ക്വീൻ ബി ഏജൻസീസ് |
| 2 | 1/399B | ഹസീന അസ്ലം | ഗ്രീൻ ലീഫ് ആയുർവേദ സെന്റർ |
| 3 | 4/392 | അനിൽകുമാർ | നമ്പർ വൺ സോഡ |
| 4 | 5/119 G,H | ശശികല ഒ.എസ് | ഷംനാസ് കളക്ഷൻസ് ഗാർമെന്റ്സ് |
| 5 | 5/516 | വന്ദനാ നായർ | ശ്രീമംഗല്യ സ്റ്റോഴ്സ് |
| 6 | 5/463 | വാസുദേവൻ നായർ | വി വി സ്റ്റോർ |
| 7 | 7/142 | മോഹനൻ ആചാരി | ലക്ഷ്മി സ്റ്റോർ |
| 8 | 7/12 | രഞ്ജുസാഗർ.ആർ | പി.ആർ ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ് |
| 9 | 8/392 | സുജ | ശ്രേയ പലഹാരം യൂണിറ്റ് |
| 10 | 8/191 | സെക്രട്ടറി വെൺകുളം KVST നം. T247 | പാൽ വിൽപന, വെൺകുളം KVST നം. T247 |
| 11 | 9/156A | സുമം | വി.വി ഫാൻസി & സ്റ്റേഷനറി |
| 12 | 11/489 | സിയാദ് ഖാൻ | സിറ്റി മാക്സ് |

മേൽ പട്ടികയിലെ ക്രമ നം. 2 399/ബി നമ്പർ കെട്ടിടത്തിന് 2021 -22 സാമ്പത്തിക വർഷം ആയുർവേദ ട്രീറ്റ്മെന്റിനുള്ള പാരാമെഡിക്കൽ ലൈസൻസിനാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകിയിട്ടില്ലായെന്നും, ക്രമ നം. 3, 10 - സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.4/19.10.2022). ക്രമ നം. 1, 4, 5, 6, 7, 8, 11, 12 സ്ഥാപനങ്ങൾ കോവിഡിനെ തുടർന്ന് 2021- 22 സാമ്പത്തിക വർഷം പ്രവർത്തന രഹിതമായിരുന്നുവെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ക്രമ നം. 9 ശ്രേയ പലഹാരം യൂണിറ്റിനുള്ള ലൈസൻസ് 2020- 21 -ൽ അനുവദിച്ചിരുന്നുവെങ്കിലും, പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്ന 8/392 നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപെടുത്തിനാലാണ് 2021- 22 വർഷം ലൈസൻസ് പുതുക്കി നൽകാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന്റെ സഞ്ചയയിലെ ഉപയോഗക്രമത്തിൽ വ്യത്യാസം വരുത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1)ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

I) ശോഭാ ഫിനാൻസിയേഴ്സ്

Ii) ബി.എസ്.എൻ.എൽ

ആദ്യത്തെ സ്ഥാപനത്തിന്റെ ഉടമയ്ക്ക് കത്ത് നൽകുന്നതാണെന്നും ബി.എസ്.എൻ.എൽ-ന് നികുതി അടവാക്കുന്നതിന് ആർ.ആർ നോട്ടീസ് നൽകിയിരുന്നെങ്കിലും ഒടുക്ക് വരുത്തിയിട്ടില്ലെന്നും തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ കുറിപ്പ് 10/20.01.2022 ന്റെ മറുപടി). തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

2)ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

I) ജി.എച്ച്.എസ് കാപ്പിൽ

Ii)എസ്.ബി ക്ലിനിക്

Iii) ധനലക്ഷ്മി ബാങ്ക്

Iv) ഗവ ആയുർവേദ ഡിസ്പെൻസറി

V) കൃഷി ഭവൻ

Vi) കെ.ആർ ക്ലിനിക്

Vii) എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്

Viii) വെറ്ററിനറി ഡിസ്പെൻസറി

Ix) ബി.എസ്.എൽ.എൽ

X) ജി.എൽ.പി.എസ് വെൺകുളം

Xi) വില്ലേജ് ഓഫീസ്, ഇടവ

Xii) ലിറ്റിൽ ഫ്ലവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ

Xiii) അൻസർ ഹോസ്പിറ്റൽ

Xiv) വെൺകുളം കെ.വി.സി.എസ് TN 247

Xv) ഡിസ്ട്രിക് ടൂറിസം പ്രമോഷൻ കൌൺസിൽ

Xvi) കത്തോലിക് സിറിയൻ ബാങ്ക്

Xvii) സതേൺ റെയിൽവേ

Xviii) RAK ഹോളോബ്രിക്സ്

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നും സ്റ്റേറ്റ്മെന്റുകൾ കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി അടവാക്കിയ രേഖകൾ കൃത്യതയോടെ പരിപാലിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2021-22വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം 7 കരാറുകാർ 2021-22 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | സുൽഫിക്കർ.എം | തോണിച്ചൽ, മാടൻവിള, പെരുംതുറ പി.ഒ |
| 2 | മുഹമ്മദ് ഹാഷിം | കിഴക്കേ ഭാഗം, കരക്കന്നി, വർക്കല |
| 3 | ബാബു കെ | പെരംതൊടി വീട്, കൊതുരാൻകോണം, പരവൂർ |
| 4 | സുഗുണാനന്ദൻ | പട്ടതിൽ, ഞെക്കാട്, വടശ്ശേരിക്കോണം പി.ഒ |
| 5 | കിരൺ | പ്രീമിയം ബിൽഡേഴ്സ് & ഡെവലപേഴ്സ്, ഇടവ |
| 6 | എം.ആർ.ഷാനവാസ് | എം.ആർ.എസ് മൻസിൽ, തോപ്പുവിള, കുടവൂർ പി.ഒ, വേങ്ങോട് |
| 7 | ബിജുലാൽ | ആശാനിവാസ്, വെടിവെച്ചാൻകോവിൽ |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 7/19.09.2022ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2021-22 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/19.10.2022 ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഇല്ലാതെയും, തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവ

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 13/245 | ബിന്ദു |
| 2 | 15/35 | ജവഹർ |
| 3 | 10/255,256 | മുരളീധര കുറുപ്പ് |
| 4 | 5/478 | രാജേന്ദ്രൻ നായർ |

ബി) തൊഴിൽ നികുതി ഒടുക്കാത്തവ

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 15/35 | ജവഹർ |
| 2 | 5/478 | രാജേന്ദ്രൻ നായർ |

സി) സ്ഥാപന തൊഴിൽനികുതി ഒടുക്കാത്തവ

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 11/221 | വരദാഭായി അമ്മ |

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ലൈബ്രറി പ്രവർത്തനം - അപാകങ്ങൾ

ഇടവ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനത്തിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ലൈബ്രറി ഭരണസമിതി നിലവിലില്ല

ലൈബ്രറിയുടെ ഭരണം അതാതു കാലത്തെ വകുപ്പ്തല നിബന്ധനകൾക്ക് വിധേയമായി അതാതു കാലത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്ന് ലൈബ്രറി നിയമാവലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൈബ്രറി ഭരണസമിതിയിൽ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ആറുപേരും ലൈബ്രറിയിലെ മറ്റ് അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന നാലുപേരും പഞ്ചായത്ത് സെക്രട്ടറിയും ലൈബ്രേറിയനും അടക്കം 12 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്ന് ലൈബ്രറിയുടെ അഭിവൃദ്ധിക്കാവശ്യമായ കാര്യങ്ങൾ പഞ്ചായത്തിനോട് ശുപാർശ ചെയ്യുക, ലൈബ്രറി പരിശോധിക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തി വിവരം പഞ്ചായത്തിനെ അറിയിക്കുകയും ചെയ്യുക എന്നിവ ഭരണസമിതിയുടെ ചുമതലയാണ്. പഞ്ചായത്ത് ലൈബ്രറി ഭരണസമിതിയെ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിലെ ഭരണ സമിതി അംഗങ്ങളുടെ പേരും വിശദാംശവും , അവസാനമായി ഭരണസമിതി ചേർന്ന തീയതിയും ഭരണ സമിതി യോഗം ചേർന്നതിന്റെ മിനിറ്റ്സും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/21.10.2022 -ന് ലൈബ്രറി ഭരണസമിതി രൂപീകരിച്ചിട്ടില്ലായെന്നും ഉടനെ രൂപീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ലൈബ്രറി ഭരണസമിതി രൂപീകരിച്ച് ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തുന്നില്ല

ഇടവ ഗ്രാമപഞ്ചായത്ത് ലൈബ്രറി നിയമാവലി പ്രകാരം ലൈബ്രറിയുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വർഷത്തിൽ രണ്ടു തവണയെങ്കിലും സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി, കരട് റിപ്പോർട്ട്, വായനശാല ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. പഞ്ചായത്ത് ലൈബ്രറിയുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടന്നത്

സെപ്റ്റംബർ 2006 നാണ്. പ്രസ്തുത സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിൽ 2312 പുസ്തകങ്ങൾ ലൈബ്രറിയിൽ ഉള്ളതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. അതിനു ശേഷം നാളിതുവരെ പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തിയിട്ടില്ല. നിലവിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 5737 പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്. ജില്ലാ ലൈബ്രറി കൌൺസിലാണ് ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നത്. ഇങ്ങനെ ലഭിക്കുന്ന പുസ്തകങ്ങളുടെ സ്റ്റോക്ക് വെരിഫിക്കേഷൻ കൃത്യമായ ഇടവേളകളിൽ നടത്താത്തത് കാലാകാലങ്ങളിലെ സെക്രട്ടറിമാരുടെയും വായനശാല ഭരണസമിതിയുടെയും ഭാഗത്ത് നിന്നുള്ള ഗൌരവതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

സി) പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിൽ കാലതാമസം

ലൈബ്രറി നിയമാവലി പ്രകാരം എ ക്ലാസ്സ് അംഗത്തിന് രണ്ട് പുസ്തകങ്ങളും ബി ക്ലാസ്സ് അംഗത്തിന് ഓരോ പുസ്തകം വീതവും ലൈബ്രറിയിൽ നിന്നും കൈപ്പറ്റാവുന്നതും 14 ദിവസത്തിനകം തിരികെ നൽകേണ്ടതുമാണ്. ബുക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 2006-07 സാമ്പത്തിക വർഷം മുതലാണ് പുസ്തക വിതരണം ആരംഭിച്ചത്. ലൈബ്രറിയിൽ നിന്നും 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ വിതരണം ചെയ്തവയിൽ നാളിതുവരെ തിരികെ ലഭിക്കാനുള്ള പുസ്തകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തിരികെ ലഭിക്കാനുള്ള പുസ്തകങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2019-20 | 43 |
| 2 | 2020-21 | 41 |
| 3 | 2021-22 | 71 |

ജീവനക്കാരുടെ പുസ്തക വിതരണ രജിസ്ററർ പരിശോധിച്ചതിൽ വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പുസ്തകം എടുത്ത തീയതി | തിരികെ ലഭിക്കാനുള്ള പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | അഖിൽ രാജ് | 15/12/2020 | 1 |
| 2 | കവിത കെ.എസ് | 28/07/2021 | 3 |
| 3 | അമീന | 01/01/2022 | 1 |
| 4 | അനിത | 18/03/2022 | 2 |
| 5 | ഷിജി | 11/04/2022 | 3 |

ലൈബ്രറിയിൽ നിന്നും വിതരണം ചെയ്ത് നാളിതുവരെ തിരികെ ലഭിക്കാത്ത പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ പുസ്തകങ്ങളുടെ വില തിരികെ ഈടാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി, നഷ്ടത്തുക ഈടാക്കാൻ നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 20/21.10.2022 -ന് പുസ്തകം തിരികെ ലഭിക്കുന്നതിനായി അവ എടുത്തിട്ടുള്ള അംഗങ്ങളുമായി ബന്ധപ്പെടുന്നുണ്ടെന്നും പുസ്തകം കിട്ടാതെ വരുന്ന പക്ഷം തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണം ചെയ്ത പുസ്തകങ്ങൾ യഥാസമയം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ റിപ്പോർട്ട്

ലഭ്യമാക്കിയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 4.12.2019 ലെ സ.ഉ(കൈ) 156/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശം പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ദുരന്ത നിവാരണ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഏകീകൃത ടെംപ്ലേറ്റ് അംഗീകരിച്ച് 14.1.2020 ലെ സ.ഉ(കൈ)14/2020 ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team)രൂപീകരണം

2) ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ

3) ലോക്കൽ റിസോഴ്സ് ഗ്രൂപ്പ്(LRG) രൂപീകരണവും പ്രവർത്തനവും

4) ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ

5)ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടി

പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.- 31/25.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 തരിശ് ഭൂമിയിൽ കൃഷി- മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ആനുകൂല്യം നൽകുന്നു.

| പ്രോജക്ട് നമ്പർ | SO093/22 | SO072/22 | SO071/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | തരിശുഭൂമിയിൽ വാഴകൃഷി | തരിശുഭൂമിയിലെ മരിച്ചീനി കൃഷി | ജൈവ സമൃദ്ധി പച്ചക്കറി കൃഷി |
| നിർവഹണം | കൃഷി ഓഫീസർ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| അടങ്കൽ | 131250 (99000വി.ഫ.+32250ബ്ലോ.പ) | 231000 (171000വി.ഫ.+ 60000ബ്ലോ.പ) | 46700 (43300വി.ഫ.+ 3400ബ്ലോ.പ) |
| ചെലവ് | 131250 | 168955(വി.ഫ) | 43300(വി.ഫ) |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം തരിശുഭൂമിയിൽ വാഴക്യഷി, മരിച്ചീനി, പച്ചക്കറി എന്നിവ നടപ്പാക്കുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. സുഭിക്ഷ കേരളം പദ്ധതി മാർഗരേഖ പ്രകാരം [സ.ഉ(സാധാ)നം.1009/2020 /തസ്വഭവ തീ.29.05.2020] തരിശ് ഭൂമിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ആനുകൂല്യം നൽകുമ്പോൾ കൃഷി ഭൂമിയിൽ മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലായെന്ന് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ, മേൽ പദ്ധതികളുടെ അപേക്ഷകളോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ടുകളിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ കൃഷി നടപ്പാക്കിയ ഭൂമികളിൽ തൻ വർഷം തരിശ് കൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാഹരണമായി 2021-22 വർഷത്തെ തരിശ് ഭൂമിയിലെ മരിച്ചീനി കൃഷി എന്ന പ്രോജക്ടിലെ ഗുണഭോക്താക്കളായ ശ്രീമതി സുജാത അമ്മ സർവ്വേ നം.390/19, ശ്രീ. ഫസലുദ്ദീൻ , സർവ്വേ നമ്പർ.345/27 എന്നീ വ്യക്തികൾക്ക് 2019-20 വർഷത്തിൽ ഇടവിളകൃഷിക്ക് ഇതേ കൃഷി ഭൂമിയിൽ ആനുകൂല്യം നൽകിയിട്ടുണ്ട്.(വിതരണ രജിസ്റ്റർ രേഖപ്പെടുത്തൽ പ്രകാരം)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 37/27.10.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 തുക അടവാക്കിയിട്ടും പ്രിന്റർ ലഭ്യമായില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 114/21-22 |

| | |
|---|---|
| പ്രോജക്റ്റ് പേര് | കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ |
| അടങ്കൽ തുക | 56000 |
| ചെലവ് | 52750 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട്(NR) |
| ബിൽ നമ്പർ | 212/15.12.2021ഉക 52750/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

പ്രസ്തുത പ്രോജക്റ്റിൽ 38266/-രൂപ വിലവരുന്ന കമ്പ്യൂട്ടർ മാത്രമാണ് കെൽട്രോണിൽ നിന്നും ലഭ്യമായതായി കാണുന്നത്(Tax Invoice No. ITBG/ITP/SRC/0931/21-22, 6.6.2022). പ്രിന്റർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ഇല്ലെങ്കിൽ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/25.10.2022) ലഭ്യമാക്കിയ മറുപടിയിൽ, പ്രൊഫോർമയിൽ പ്രതിപാദിച്ചിരുന്ന സ്പെസിഫിക്കേഷനിലുള്ള പ്രിന്റർ ലഭ്യമല്ലായെന്നും, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കുകയോ, തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ന്യൂലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S097/22 |
| പ്രോജക്ടിന്റെ പേര് | ന്യൂലൈഫ് ഭവന പദ്ധതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ II |
| അടങ്കൽ | 600000 (240000വി.ഫ, 240000/- ബ്ലോ.പ 120000 ജി.പ/-) |
| ചെലവ് | 520000 (160000വി.ഫ+ 240000 ബ്ലോ.പ,120000 ജി.പ) |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം. 2021-22 വർഷം നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഭവനപുനരുദ്ധാരണത്തിനായി, പുത്തൻവിള ലക്ഷം വീട് കോളനിയിലെ എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ട 3

ഗുണഭോക്താക്കൾക്ക് ആനുകല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്കുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ എല്ലാ ഗുണഭോക്താക്കൾക്കും ആദ്യ ഗഡുവായി 80000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2)പ്രോജക്റ്റ് മാർഗരേഖ പ്രകാരം ഓരോ സ്റ്റേജും വി.ഇ.ഓ സർട്ടിഫൈ ചെയ്യേണ്ടതുണ്ട്. എന്നാൽ, വീട് മെയിന്റനൻസ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ ശ്രീമതി ശകുന്തള, ശ്രീമതി കവിത, ശ്രീമതി വസന്ത എന്നിവർക്ക് രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

3) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചെയർപേഴ്സനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4)പ്രോജ്കട് മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയശേഷം മെയിന്റനൻസ് പൂർത്തീകരിച്ച വീടുകളുടെ ഫോട്ടോ തയ്യാറാക്കി ഫയലിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ വീടുകളുടെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ14/20.10.2022) ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കളുടെ സാമ്പത്തിക സാഹചര്യം പരിശോധിച്ചതിൻ പ്രകാരമാണ് അധിക തുക നൽകിയതെന്നും പൂർത്തീകരിച്ച വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മറ്റ് അപാകങ്ങൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ഭവന പുനരുദ്ധാരണം - കെട്ടിടങ്ങളുടെ കാലപ്പഴക്കം നിർണയിക്കുന്നതിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0037/22 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 2400000(2355775 വി.ഫ+44225 ത.ഫ) |
| ചെലവ് | 2250000(2215351+34649) |

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വീട് പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പ്രോജക്കുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ചു നൽകി.

| ക്രമ നമ്പർ | ഗുണഭോക്താവ് | കെട്ടിട നമ്പർ | അപാകത |
|---|---|---|---|
| 1 | സിന്ധു, മങ്ങാട്ട് ചരുവിള വീട് | 3/450 | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2015 ഒന്നാം അർദ്ധ വർഷം മുതലാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം 32 വർഷമാണ്. |
| 2 | ശോഭ, അംബേദ്കർ | 7/316/A | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2021 |

| | | | |
|---|---|---|---|
| | കോളനി | | ഒന്നാം അർദ്ധ വർഷം മുതലാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം 12 വർഷമാണ്. |

2)പദ്ധതിയുടെ ഗുണഭോക്താക്കൾ സമർപ്പിച്ച കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള വിസ്തീർണവും സഞ്ചയയിലെ കെട്ടിടത്തിന്റെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് /വിലാസം | പ്ലാൻ പ്രകാരമുള്ള വിസ്തീർണം | സഞ്ചയിലെ വിസ്തീർണം |
|---|---|---|---|
| 1 | രമ, അശ്വതി ഭവന് | 66.12 ച.മീ | 50 ച.മീ |
| 2 | ഉപേന്ദ്രൻ, ജെ.എസ് ഭവൻ | 66.12 ച.മീ | 41.51 ച.മീ |
| 3 | വിലാസിനി ,മനേഷ് ഭവൻ | 65.18 ച.മീ | 42.76 ച.മീ |

3)പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി ലളിത സി, ചരുവിള വീട്, ശ്രീമതി ബേബി ഗിരിജ, കുന്നിൽ വീട്, ശ്രീമതി അമ്മിണി, അഭിലാഷ് ഭവൻ എന്നീ വ്യക്തികളുടെ വീടിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. റേഷൻ കാർഡിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പരിലെ വിവരവും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 21/21.10.2022 ) ലഭ്യമായ മറുപടിയിൽ കെട്ടിടങ്ങളുടെ വിവരം പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് കാലപ്പഴക്കം തെറ്റായി കാണപ്പെട്ടതെന്നും മറ്റ് അപാകങ്ങൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക (3) പ്രകാരമുള്ള ഗുണഭോക്താക്കളുടെ കെട്ടിടങ്ങൾ നിലനിൽക്കുന്ന ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിരുന്നെന്നും ആയത് പരിഹരിച്ച് കെട്ടിട നമ്പർ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ രേഖകൾ കൃത്യമായും വാങ്ങി സൂക്ഷിക്കേണ്ടതും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 തുല്യത വിദ്യാഭ്യാസ പദ്ധതി - രേഖകളുടെ അഭാവത്തിൽ 45,550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0011/22 |
| പ്രോജക്റ്റിന്റെ പേര് | തുല്യത വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | 50,000<br>(വികസന ഫണ്ട്) |
| ചെലവ് | 45,550 |
| ബിൽ നമ്പർ | 393/22.03.2022 |
| നിർവ്വഹണം | എച്ച്.എം. |

രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീയിനത്തിൽ പത്താംതരം തുല്യത പരീക്ഷയ്ക്കായി 3 പേർക്ക് 5550/- രൂപയും ഹയർ സെക്കന്ററി തുല്യത പരീക്ഷയ്ക്കായി 8 പേർക്ക് 20000/- രൂപയും ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിനായി 8 പേർക്ക് 20000/- രൂപയും സാക്ഷരത മിഷന് നല്കിയിട്ടുണ്ട്. എന്നാൽ, പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പ്രേരകിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന്

നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 16/21.10.2022ന്റെ മറുപടി). രേഖകൾ ലഭ്യമാക്കുന്നതുവരെ 45550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 മരുന്നുകൾ പൂർണമായി ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0016/22 |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 2,00,000 |
| ബിൽ നമ്പർ | 99/10.9.2021 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ഇൻവോയ്സ് നമ്പർ എൽ.എഫ് 424/26.07.2022 പ്രകാരം 81,353/- രൂപയുടെയും ഇൻവോയ്സ് നമ്പർ എൽ.എഫ് 2713/18.03.2022 പ്രകാരം 75,885/- രൂപയുടെയും മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 42,762/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത മരുന്നുകൾ ഉടൻ ലഭ്യമാക്കാമെന്ന് ഹോംകോ അറിയിച്ചതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05/19.10.2022ന്റെ മറുപടി). മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കൽ |
| പദ്ധതി നമ്പർ | S0157/22 |
| അടങ്കൽ തുക | 204900/-രൂപ; വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 204900/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ബിൽ നമ്പർ | 377/18.03.22 തുക : |

| | |
|---|---|
| | 142900/-, 399/24.03.22 തുക: 62000/- |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനായി ഹരിതകേരള മിഷനും ശുചിത്വമിഷനും ചേർന്ന് കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം [സ.ഉ(സാധാ)നം.1967/2020/തസ്വഭവ തീ.21.10.2020]. മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററും തമ്മിൽ 14/03/2022 തീയതിയിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെയ്ക്കുകയും [സ.ഉ(സാധാ)നം.493/2022/തസ്വഭവ തീ.02.03.2022]പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് 2,04,900/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്[സ.ഉ(സാധാ)നം.670/2022/തസ്വഭവ തീ.19.03.2022]. ലാപ്ടോപ്പ് ലഭ്യമാക്കൽ, സർവീസ് ചാർജ്, SMSചാർജ്, QR കോഡ് പ്രിന്റിങ് ചാർജ് എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് കെൽട്രോണിന് തുക നല്കിയിരിക്കുന്നത്. പദ്ധതിയുടെ നിലവിലെ അവസ്ഥ (20.10.2022 വരെ) സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/20.10.2022) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം | 17 |
| ഹരിതമിത്രം പദ്ധതി നടപ്പാക്കുന്ന ഭവനങ്ങൾ | 6319 |
| ആകെ ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം | 28 |
| ആകെ മിനി എം.സി.എഫുകളുടെ എണ്ണം | 44 |
| ഹരിത കർമ്മ സേന അംഗങ്ങൾക്ക് ലഭിച്ച പരിശീലനങ്ങൾ | 4 |
| ഡാറ്റാ കളക്ഷൻ ആരംഭിച്ച തീയതി | 01.09.2022 |
| ഡേറ്റ കളക്ഷൻ പൂർത്തീകരിച്ച് QR കോഡ് നൽകിയ ഭവനങ്ങൾ | 835 |

പദ്ധതി പ്രകാരം 2022 മാർച്ച് മാസത്തിൽ കെൽട്രോണിന് തുക കൈമാറിയെങ്കിലും 2022 ആഗസ്റ്റ് മാസം മുതലാണ് ഹരിതകർമ്മസേന അംഗങ്ങൾക്ക് പദ്ധതിയുടെ പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്. 2022 സെപ്റ്റംബർ മാസം മുതൽ ആരംഭിച്ച ഡേറ്റാ കളക്ഷൻ നിലവിൽ 835 ഭവനങ്ങളിൽ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിയ ലാപ്ടോപ്പുകൾ നാളിതുവരെ ഹരിതകർമ്മ സേനയ്ക്ക് കൈമാറിയിട്ടില്ല. ഹരിത കർമ്മസേനയ്ക്ക് നിലവിൽ ഓഫീസ് സൗകര്യം ലഭ്യമല്ലാത്തതിനാൽ ലാപ്ടോപ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ.13/20.10.2022 ന് ലഭിച്ച മറുപടി).

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 44 മിനി എം.സി.എഫുകളിൽ 43 എണ്ണവും 2021-22 വർഷം( അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ SO102/22 പ്രകാരം 13,57,582രൂപ ചെലവ്) നിർമ്മിച്ചവയാണ്. 22.10.2022ന് നടത്തിയ സ്ഥല പരിശോധനയിൽ ഭൂരിഭാഗം മിനി എം.സി.എഫുകളും മാലിന്യങ്ങൾ നിറഞ്ഞ് കാട് പിടിച്ച അവസ്ഥയിലാണ്.







ഗ്രാമപഞ്ചായത്തിൽ ആവശ്യമായ എം.സി.എഫ് സൗകര്യം ഉറപ്പുവരുത്തുന്നതിനും അതിനാവശ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും അതത് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തി സ.ഉ(സാധ)നം.949/2021/തസ്വഭവ തീ.05.05.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിനി എം.സി.എഫുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ഹരിത കർമ്മസേനയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് സിസ്റ്റം പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

-

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 20000 | ഫലവൃക്ഷത്തൈ നട്ട് പരിപാലനം | 20000 | 0 |
| | | 0 | 32250 | തരിശുഭൂമിയിൽ വാഴകൃഷി | 32250 | 0 |
| | | 0 | 124712 | സമഗ്രനെൽകൃഷി വികസനം | 124712 | 0 |
| | | 0 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 0 | 120000 | ന്യൂലൈഫ് പട്ടിക ജാതി | 120000 | 0 |
| | | 0 | 860000 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(പട്ടിക ജാതി) | 860000 | 0 |
| | | 0 | 800000 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(ജനറൽ) | 800000 | 0 |
| | | 0 | 249375 | സ്നേഹ സ്പർശം | 249375 | 0 |
| | | 0 | 100000 | അംഗനവാടി പോഷകാഹാരം | 100000 | 0 |
| | | 0 | 42000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 42000 | 0 |
| | | 0 | 150000 | ക്ഷീരസമൃദ്ധി | 150000 | 0 |
| | | 262884 | - | മുൻവർഷത്തെ പ്രോജക്ടുകൾ | - | 262884 |
| ആകെ | | 262884 | 2698337 | | 2698337 | 262884 |
| | | 0 | 136000 | സമഗ്രനെൽകൃഷി വികസനം | 136000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 0 | 680000 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(ജനറൽ) | 680000 | 0 |
| | | | 0 | 249375 | സ്നേഹ സ്പർശം | 249375 | 0 |
| | | | 0 | 100000 | ക്ഷീരസമൃദ്ധി | 100000 | 0 |
| | | 15993 | 0 | | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 15993 |
| ആകെ | | 15993 | 1165375 | | - | 1165375 | 15993 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 + പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 262884 | 2698337 | 2961221 | 2698337 | 262884 | 262884 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 15993 | 1165375 | 1181368 | 1165375 | 15993 | 15993 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 0 | 173/22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1870000 | 0 | 1870000 | 0 | 1870000 |
| കെ.എസ്.ഇ.ബി | 123988 | 08/22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 159641 | 0 | 159641 | 123988 | 159641 |

| | 2020-21 B-18 , ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 0 | 1870000 | 1870000 | 0 | 1870000 | 1870000 |
| കെ.എസ്.ഇ.ബി | 123988 | 159641 | 283629 | 159641 | 123988 | 159641 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ തസ്വഭവ തീ.18.05.2018 | 31717333 | 1400000 | 3901333 | 29216000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,97,31,448 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,97,87,720 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,92,16,209 |
| നീക്കിയിരിപ്പ് | 3,03,02,959 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,550 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 45,550 | ശ്രീ. കൃഷ്ണകുമാർ.ടി.,<br>എച്ച്.എം, ഗവ. എൽ.പി.എസ്, വെൺകുളം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. കൃഷ്ണകുമാർ.ടി.,<br>എച്ച്.എം, ഗവ. എൽ.പി.എസ്, വെൺകുളം | എച്ച്.എം, ഗവ. എൽ.പി.എസ്, വെൺകുളം | ഓംകാരം,<br>പാറയിൽ,<br>ഇടവ.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018, തീയതി 31.08.2018 | 5 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2549/2014, തീയതി 23.12.2014 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1279/2018, തീയതി 11.06.2018 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1279/2018, തീയതി 11.06.2018 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1685/2017, തീയതി 08.08.2017 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/187/2019, തീയതി .12.04.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/362/2020, തീയതി 12.03.2021 | 46 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/666/2021, തീയതി 30.03.2021 | 15 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/720/2022, തീയതി 21.06.2022 | 34 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്